# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2750 10.12.2014-ൽ മറുപടിയ്ക്ക്

**ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും, കൃഷിയും നിലനിർത്തുക, ഭൂഗർഭ ജലം സംരക്ഷിക്കുക , ജലവിതാനം ഉയർത്തുക, മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജല ലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭ ശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തരത്തിലുള്ള ധന സഹായങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് ; | (സി) സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കമോ? | (ഡി) | ഉണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾക്ക് അംഗീകാരം നൽകുകയും അതിൽ 119 കുളങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**